ഉത്തരം

(എ) 6.28 എ.എം.

(ബി) അഞ്ച് മണിക്കൂർ.

(സി) ഈ വിവരം പല സമയങ്ങളിൽ വിവിധ ചാനലുകൾ റിപ്പോർട്ട് ചെയ്തതായി അറിയുന്നു.

(ഡി—എഫ്) വിവരം ലഭ്യമായ ഉടൻ മുന്നറിയിപ്പ് നല്കിയിരുന്നു.

സുനാമി ദുരന്തം സംബന്ധിച്ച് മുന്നറിയിപ്പ്

86 [91] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് സുമാത്ര ദ്വീപിനടുത്തുള്ള സമുദ്രാന്തർ ഭാഗത്ത് ഉണ്ടായ ഭൂകമ്പത്തെപ്പറ്റി കേരളത്തിലെ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് എപ്പോഴാണ് വിവരം ലഭിച്ചതെന്നും ആ വിവരം സർക്കാരിനെ എപ്പോഴാണ് അറിയിച്ചതെന്നും പൊതുജനങ്ങളെ എപ്പോഴാണ് അറിയിച്ചതെന്നും വെളിപ്പെടുത്താമോ;

(ബി) തമിഴ്നാടിന്റെ തീരപ്രദേശങ്ങളായ കടലൂരിൽ സുനാമിയുടെ ആക്രമണം ഏത് സമയത്താണ് ഉണ്ടായതെന്നും കേരളത്തിലെ കരുനാഗപ്പള്ളി തീരത്ത് അത് എത്ര മണിക്കാണ് നാശം ഉണ്ടാക്കിയതെന്നും അറിയിക്കാമോ;

(സി) ഇതിൽ ഉണ്ടായ സമയ വ്യത്യാസത്തിനിടയിൽ തീരദേശവാസികൾക്ക് മുൻകൂട്ടി അപായ സൂചന നൽകിയിരുന്നെങ്കിൽ ഇത്രയും ആൾ നാശം ഉണ്ടാകുന്നത് തടയാമായിരുന്നെന്നു കരുതുന്നുണ്ടോ;

(ഡി) ബഹിരാകാശ വകുപ്പ്, ഇൻഡ്യൻ കാലാവസ്ഥ വകുപ്പ്, ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ എന്നീ സ്ഥാപനങ്ങളിൽ നിന്ന് സുനാമി സംബന്ധമായ എന്തെങ്കിലും മുന്നറിയിപ്പുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) അപകട വിവരം മുൻകൂട്ടി സർക്കാരിനെ അറിയിച്ചിരുന്നില്ല. ഭൂചലനങ്ങളെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിനെയും പൊതുജനങ്ങളെയും അറിയിക്കുന്ന ചുമതല കേന്ദ്ര കാലാവസ്ഥ (IMD) വകുപ്പിനാണ്.

(ബി) കേരളത്തിൽ സുനാമി ആക്രമണം ഉണ്ടായത് ഏകദേശം 11.30 മണിയോടുകൂടിയാണ്.

(സി) അപായ സൂചനകൾ ലഭിക്കുകയും ആളുകൾ അപകടസ്ഥലം വിട്ടു പോകുകയും ചെയ്തിരുന്നുവെങ്കിൽ ആൾ നാശം തടയാമായിരുന്നു.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly